ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

**DATE: 22.02.2025** പ്രധാന വാർത്തകൾ **TIME : 07.25 PM**

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മധ്യപ്രദേശ്, ബിഹാർ, അസം സംസ്ഥാനങ്ങളിലേക്കുള്ള സന്ദർശനത്തിനു നാളെ തുടക്കം; പിഎം കിസാൻ പദ്ധതിയുടെ 19-ാം ഗഡു മറ്റന്നാൾ വിതരണം ചെയ്യും.

   PM to visit Madhya Pradesh, Bihar and Assam from 23rd to 25th February; PM Modi to Release 19th PM-KISAN Installment on Monday.

2. പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ.

   PM Modi to share his thoughts with people of country & abroad in 'Mann Ki Baat' programme on Akashvani tomorrow.

3. 2047-ൽ ഇന്ത്യയെ വികസിത രാജ്യമാക്കുന്നതിൽ സഹകരണമേഖലയ്ക്കു സുപ്രധാന പങ്കു വഹിക്കാനാകുമെന്നു കേന്ദ്രമന്ത്രി അമിത് ഷാ.

   Union Minister Amit Shah has said that the cooperative sector can play an important role in making India a developed country by 2047.

4. വരാനിരിക്കുന്നത് സാങ്കേതികവിദ്യയാൽ നയിക്കപ്പെടുന്ന ഭാവിയെന്ന് കേന്ദ്രമന്ത്രി നിർമല സീതാരാമൻ; കോട്ടയം ഐ.ഐ.ഐ.ടിയുടെ ആറാമത് ബിരുദദാന ചടങ്ങിൽ ധനമന്ത്രി മുഖ്യാതിഥിയായി.

Union Minister Nirmala Sitharaman said that the future ahead will be driven by technology; the Finance Minister was the chief guest at the sixth convocation ceremony of IIIT, Kottayam.

5. ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിക്ക് കൊച്ചിയിൽ സമാപനം; ഐടി മേഖലയുടെ വളർച്ചയ്ക്കാവശ്യമായ പുതിയ ആശയങ്ങൾ ലഭിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.

   Invest Kerala Global Investors Summit concludes in Kochi; Chief Minister Pinarayi Vijayan says new ideas for the growth of the IT sector have been received.

6. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ-പാകിസ്ഥാൻ പോരാട്ടം നാളെ ദുബായിൽ; ഇംഗ്ലണ്ടിനെതിരായ മത്സരത്തിൽ ഓസ്‌ട്രേലിയക്ക് 352 റൺസ് വിജയലക്ഷ്യം.

   India-Pakistan clash in Champions Trophy cricket tomorrow in Dubai; Australia need 352-runs to win against England.

*************

## PM - VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മധ്യപ്രദേശ്, ബിഹാർ, അസം സംസ്ഥാനങ്ങളിലേക്കുള്ള മൂന്നു ദിവസത്തെ സന്ദർശനത്തിനു നാളെ തുടക്കമാകും. മധ്യപ്രദേശിലെ ഛത്തർപുരിൽ അദ്ദേഹം നാളെ ബാഗേശ്വർ ധാം ശാസ്ത്ര-വൈദ്യശാസ്ത്ര ഗവേഷണ സ്ഥാപനത്തിന്റെ തറക്കല്ലിടൽ നിർവഹിക്കും. ഭോപ്പാലിൽ 'ആഗോള നിക്ഷേപക ഉച്ചകോടി'യും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. മറ്റന്നാൾ ബിഹാറിലെ ഭാഗൽപുരിൽ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്ന അദ്ദേഹം പിഎം കിസാൻ പദ്ധതിയുടെ 19-ാം ഗഡു കർഷകർക്കു വിതരണം ചെയ്യും.
*************************

## MODI - PM KISAN

ഭൂവുടമകളായ കർഷകർക്ക് പ്രതിവർഷം 6000 രൂപ മൂന്ന് തുല്യ ഗഡുക്കളായി നൽകുന്ന പദ്ധതിയാണ് പിഎം-കിസാൻ പദ്ധതി. 19-ാം ഗഡുവായി 22,000 കോടി രൂപയാണു പ്രധാനമന്ത്രി തിങ്കളാഴ്ച കൈമാറുന്നത്. ഇത് 9 കോടിയിലധികം കർഷകർക്കു പ്രയോജനം ചെയ്യും.
*************************

## PM- MAURITIUS GUEST OF HONOUR

മൗറീഷ്യസിന്റെ 57-ാം ദേശീയ ദിനാഘോഷത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വിശിഷ്ടാതിഥിയാകുമെന്ന് മൗറീഷ്യസ് പ്രധാനമന്ത്രി നവീൻ രാംഗൂലം. അടുത്ത മാസമാണു പരിപാടി. കരുത്തുറ്റ ഇന്ത്യ-മൗറീഷ്യസ് ബന്ധത്തിന്റെ തെളിവാണ് ഈ തീരുമാനമെന്ന് അദ്ദേഹം പറഞ്ഞു.
*************************

## AMIT SHAH-PUNE (INTRO)

2047-ൽ ഇന്ത്യയെ വികസിത രാജ്യമാക്കുന്നതിലും 500 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയിൽ എത്തിക്കുന്നതിലും സഹകരണ മേഖല സുപ്രധാന പങ്കു വഹിക്കുന്നുവെന്നു കേന്ദ്രമന്ത്രി അമിത് ഷാ. പുണെയിൽ ജനതാ സഹകാരി ബാങ്കിന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

സഹകരണ ബാങ്കുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി സംഘടനയ്ക്കു രൂപം നൽകിയിട്ടുണ്ടെന്നും, ഇതിലൂടെ എല്ലാ സഹകരണ ബാങ്കുകളെയും ശക്തിപ്പെടുത്താനാകുമെന്നും ശ്രീ അമിത് ഷാ പറഞ്ഞു.
*************************

## PM ADMINISTRATION AWARDS

പൊതുഭരണത്തിലുള്ള മികവിനു നൽകുന്ന പ്രധാനമന്ത്രി പുരസ്കാരങ്ങൾക്ക് 1500-ലധികം നാമനിർദേശങ്ങൾ ലഭിച്ചു. സിവിൽ സർവീസ് ജീവനക്കാരുടെ സംഭാവനകളെ

അംഗീകരിക്കുകയാണ് പുരസ്കാരങ്ങളുടെ ലക്ഷ്യം. സിവിൽ സർവീസസ് ദിനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി, ഏപ്രിൽ 21-ന് ന്യൂഡൽഹിയിൽ പുരസ്കാരം സമ്മാനിക്കും.

*************************

## NIRMALA SITHARAMAN (INTRO)

സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ വർധിച്ചതായും സാങ്കേതികവിദ്യയാൽ നയിക്കപ്പെടുന്ന ഭാവിയാണു വരാൻ പോകുന്നതെന്നും കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. കോട്ടയം ഐ.ഐ.ഐ.ടി.യുടെ ആറാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അവർ. നിർമ്മിതബുദ്ധിയുടെ ഉപയോഗം ഉത്തരവാദിത്വപരമായിരിക്കണമെന്നും ശ്രീമതി നിർമല ചൂണ്ടിക്കാട്ടി.

(ഹോൾഡ് വോയിസ്)

*************************

## INDIA- PAK- CEASEFIRE AGREEMNET

ജമ്മു കശ്മീരിൽ 2021 ഫെബ്രുവരിയിലെ വെടിനിർത്തൽ കരാർ തുടരാൻ തീരുമാനിച്ച് ഇന്ത്യ-പാകിസ്ഥാൻ കരസേനകൾ. അന്താരാഷ്ട്ര അതിർത്തിയിൽ അടുത്തിടെ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇരുരാജ്യങ്ങളിലേയും ബ്രിഗേഡ് കമാൻഡർമാർ പൂഞ്ച് ജില്ലയിൽ ഫ്ലാഗ് മീറ്റിങ് സംഘടിപ്പിച്ചു.

*************************

## INDIA-JAPAN MILITARY EXERCISE

ഇന്ത്യ-ജപ്പാൻ സംയുക്ത സൈനികാഭ്യാസമായ ധർമ്മ ഗാർഡിയന്റെ ആറാം പതിപ്പ് നാളെ മുതൽ മാർച്ച് 9 വരെ ജപ്പാനിൽ നടക്കും. ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനിടയിൽ ഇരുസേനകളും തമ്മിലുള്ള പരസ്പര പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് സൈനികാഭ്യാസത്തിന്റെ ലക്ഷ്യം. സൈനികാഭ്യാസത്തിൽ പങ്കെടുക്കുന്നതിനായി 120 അംഗ സംഘം ജപ്പാനിലേക്ക് യാത്ര തിരിച്ചു.

*************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11ന്. പരിപാടിയുടെ 119-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷകളിൽ 'മൻ കീ ബാത്' കേൾക്കാം.

*************************

## VP-JAIPUR VISIT

ഉപരാഷ്ട്രപതി ശ്രീ ജഗ്ദീപ് ധൻഖർ നാളെ രാജസ്ഥാൻ സന്ദർശിക്കും. ജയ്പുർ ദേശീയ സർവകലാശാലയുടെ 14-ാമത് ബിരുദദാന ചടങ്ങിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയാകും.

*************************

## GIM - CM

കേരളത്തിന്റെ ഐടി മേഖലയുടെ വളർച്ചയ്ക്കാവശ്യമായ പുതിയ ആശയങ്ങളും പിന്തുണയും ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപ ഉച്ചകോടിയുടെ ഭാഗമായ ഐടി റൗണ്ട് ടേബിളിൽ നിന്നു ലഭിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഐടി മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ നടത്താൻ ആവശ്യമായ എല്ലാ പിന്തുണയും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകി.

*************************

## GIM KERALA (INTRO)

കേരളത്തിലെ അടിസ്ഥാനസൗകര്യവികസനത്തിലുള്ള വിശ്വാസമാണ് നിക്ഷേപം വർദ്ധിപ്പിക്കാൻ കാരണമായതെന്ന് സംസ്ഥാന ധനമന്ത്രി കെ എൻ ബാലഗോപാൽ. ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളം സഹകരണ ഫെഡറലിസത്തിന്റെ ഉത്തമ ഉദാഹരണമാണെന്ന് സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്ത കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. കേരളത്തെ നിക്ഷേപ

സൗഹൃദമാക്കുന്നതിനുള്ള യാത്രയുടെ തുടക്കമാണ് ഉച്ചകോടിയെന്ന് സംസ്ഥാന വ്യവസായ മന്ത്രി പി രാജീവ് പറഞ്ഞു. 374 കമ്പനികൾ കേരളത്തിൽ നിക്ഷേപം നടത്താൻ താൽപ്പര്യം അറിയിച്ചതായും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

*************************

## ITFOK-2025

പതിനഞ്ചാമത് കേരള അന്താരാഷ്ട്ര നാടകോത്സവം 'ഇറ്റ്ഫോക്' മന്ത്രി സജി ചെറിയാൻ നാളെ ഉദ്ഘാടനം ചെയ്യും. മാർച്ച് 2 വരെ തൃശൂരിലാണ് മേള.

*************************

## KRISHI VIGYAN MELA

രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലും ജീവരേഖയുമാണ് കൃഷിയെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിങ് ചൗഹാൻ. ന്യൂഡൽഹിയിൽ കൃഷി വിജ്ഞാനമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഉന്നത് കൃഷി - വികസിത ഭാരതം എന്നതാണ് മൂന്ന് ദിവസത്തെ മേളയുടെ പ്രമേയം.

*************************

## ICC-IND-PAK

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ നാളെ പാകിസ്ഥാനെ നേരിടും. ദുബായ് അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം. ബംഗ്ലാദേശിനെ കഴിഞ്ഞ മത്സരത്തിൽ തോൽപ്പിച്ചതിന്റെ ആത്മവിശ്വാസത്തിലാണ് ഇന്ത്യൻ ടീം നാളെ കളത്തിലിറങ്ങുന്നത്. അതേസമയം, ടൂർണമെന്റിലെ ആദ്യ മത്സരത്തിൽ പാകിസ്ഥാൻ, ന്യൂസിലൻഡിനോട് 60 റൺസിനു പരാജയപ്പെട്ടിരുന്നു.

*************************

## ICC-AUS-ENGLAND

ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇംഗ്ലണ്ടിനെതിരെ ഓസ്ട്രേലിയക്ക് 352 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ടമായി ബാറ്റിങ്ങിനിറങ്ങിയ ഇംഗ്ലണ്ട്, നിശ്ചിത 50 ഓവറിൽ എട്ടിന് 351

റൺസെടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഓസ്ട്രേലിയ ഒടുവിൽ വിവരം കിട്ടുമ്പോൾ 6-ാം ഓവറിൽ 2 വിക്കറ്റിന് 59 റൺസ് എടുത്തിട്ടുണ്ട്.
*************************

## REV. GULVEER SINGH RECORD

ഹാങ്ഷോ ഏഷ്യൻ ഗെയിംസ് വെങ്കല മെഡൽ ജേതാവ്, ഗുൽവീർ സിങ് പുരുഷന്മാരുടെ 5000 മീറ്റർ ഇൻഡോർ ഓട്ടത്തിൽ ചരിത്രനേട്ടം കൈവരിച്ചു. 13 മിനിറ്റിനുള്ളിൽ ഈ ദൂരം മറികടന്ന ആദ്യ ഇന്ത്യക്കാരനെന്ന നേട്ടമാണ് ഗുൽവീർ സ്വന്തമാക്കിയത്. ഈ നേട്ടത്തോടെ, സെപ്റ്റംബറിൽ ടോക്കിയോയിൽ നടക്കുന്ന 2025 ലെ ലോക ചാമ്പ്യൻഷിപ്പിന് ഗുൽവീർ യോഗ്യത നേടി.
*************************

## ISL

ഐഎസ്എൽ ഫുട്ബോളിൽ കേരളാ ബ്ലാസ്റ്റേഴ്സ്-എഫ് സി ഗോവ മത്സരം പുരോഗമിക്കുന്നു. ഗോവയിലാണ് മത്സരം. ഇന്നു നടന്ന ആദ്യ മത്സരത്തിൽ ഈസ്റ്റ് ബംഗാൾ, പഞ്ചാബ് എഫ്.സിയെ 3-1ന് പരാജയപ്പെടുത്തി.
*************************

## FIH HOCKEY

എഫ്ഐഎച്ച് ഹോക്കി പ്രോ ലീഗിൽ പുരുഷവിഭാഗത്തിൽ ഇന്ത്യ-അയർലൻഡ് മത്സരം പുരോഗമിക്കുന്നു. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിലാണു മത്സരം.
*************************

## DAS PM APPOINTMENT

റിസർവ്വ് ബാങ്ക് മുൻ ഗവർണറും വിരമിച്ച ഐഎഎസ് ഉദ്യോഗസ്ഥനുമായ ശക്തികാന്ത ദാസിനെ, പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ആയി നിയമിച്ചു.

*************************

## COACHING CENTRE

സിവിൽ സർവീസസ്, എൻജിനിയറിങ് തുടങ്ങി ഉന്നത പരീക്ഷകൾക്കുള്ള പരിശീലനകേന്ദ്രങ്ങൾ വ്യക്തവും സുതാര്യവുമായ റീഫണ്ട് നയങ്ങൾ നിർബന്ധമായും പാലിക്കണമെന്ന് കേന്ദ്ര ഉപഭോക്തൃ കാര്യ വകുപ്പ്. നിറവേറ്റാത്ത സേവനങ്ങൾ, വൈകിയ ക്ലാസുകൾ, റദ്ദാക്കിയ കോഴ്സുകൾ തുടങ്ങി പരിശീലനകേന്ദ്രങ്ങളുടെ ഭാഗത്തു നിന്നുണ്ടാകുന്ന വീഴ്ചകൾക്ക് വിദ്യാർഥികൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകണമെന്നാണ് നിർദേശം. ദേശീയ ഉപഭോക്തൃ ഹെൽപ്പ്ലൈൻ വഴി വിദ്യാർത്ഥികൾ സമർപ്പിച്ച പരാതികളിലൂടെ 600-ലധികം വിദ്യാർത്ഥികൾക്ക്, ഒന്നരക്കോടിയിലേറെ രൂപ റീഫണ്ട് ഇനത്തിൽ സർക്കാർ ലഭ്യമാക്കി.

*

**********

****************************************